# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 413
## 28.02.2017 ലെ മറുപടിക്ക്

**<u>കെ.എസ്.ഇ.ബി യുടെ തോപ്പുംപടിസെക്ഷൻ ഓഫീസ്</u>**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കൊച്ചി നിയോജകമണ്ഡലത്തിലെ തോപ്പുംപടിയിൽ കെ.എസ്.ഇ.ബി യുടെ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി ആസ്തി വികസന പദ്ധതിയിൽ നിന്നും 80 ലക്ഷം രൂപയ്ക്ക് 2015 ൽ ഭരണാനുമതി നല്കിയിട്ടും പ്രസ്തുത തുക കെ.എസ്.ഇ.ബി. ക്ക് ലഭ്യമാകാത്തതിനാൽ പ്രവർത്തി നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ആസ്തി വികസന ഫണ്ടുപയോഗിച്ച് കൊച്ചി നിയോജകമണ്ഡലത്തിൽ തോപ്പുംപടിയിൽ കെ.എസ്.ഇ.ബി. യുടെ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. മുഖേന deposit work ആയാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. Deposit work കൾക്ക് പ്രവർത്തന പുരോഗതി അനുസരിച്ച് തവണകളായാണ് തുക അനുവദിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയായ 80 ലക്ഷം രൂപയുടെ 20% ആയ 16 ലക്ഷം രൂപ അഡ്വാൻസായി കെ.എസ്.ഇ.ബി. യ്ക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിന് ഊർജ്ജ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിച്ചു നൽകുന്നതാണ്. |
| (ബി) | തുക ലഭ്യമാകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും ലഭ്യമാകാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ; ഈ തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | |

Sd/-

**സെക്ഷൻ ഓഫീസർ**